<u>നിലക്കടലകൃഷിയിൽ വിജയഗാഥ രചിച്ച് പയ്യോളിക്കാർ</u>

കാർഷിക മേഖലയിൽ അധികം വിജയം കൈവരിക്കാനാവാത്ത വരണ്ട തരിശു ഭൂമിയാണ് കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്തിന് സ്വന്തമായുള്ളത്. എന്നാൽ തങ്ങളുടെ കാർഷിക മേഖല വളരണമെന്ന് ഉള്ളിലാഗ്രഹം കൊണ്ടു നടന്ന പയ്യോളിക്കാർ പാലക്കാടൻ മണ്ണിന് മാത്രം പ്രാപ്തമെന്ന് കരുതിയിരുന്ന നിലക്കടലകൃഷിയുലൂടെയാണ് വിജയഗാഥ രചിച്ചത്. ഇരുപതാം വാർഡിലെ സൗഹൃദ അയൽക്കൂട്ടം അംഗം ദേവകിയാണ് പത്ത് സെന്റിൽ നിലക്കടല കൃഷി ചെയ്യാനുള്ള നിർദ്ദേശം വെച്ചത്. പഞ്ചായത്ത് പ്രസിഡന്റിന്റെയും കൃഷി ഓഫീസറുടെയും ശ്രദ്ധയിൽപ്പെട്ട ഈ നിർദ്ദേശം പത്ത് സെന്റിൽ നിന്ന് ഏഴ് ഏക്കറിലേക്ക് കൃഷി വ്യാപിക്കുന്ന രീതിയിലുള്ള വളർച്ചയിൽ എത്തിച്ചേർന്നു. കൃഷി ഭവൻ മുഖാന്തിരം ലഭിച്ച വിത്തും, സബ്സിഡിയായി ലഭിച്ച വളവു കർഷകർക്ക് ഏറെപ്രയോജനകരമായി. ഇത് കർഷകരെ ആവേശം കൊള്ളിച്ചു. ഇന്ന് ഒരു ഏക്കറിൽ നിന്ന് ശരാശരി 10,800 രൂപയുടെ വരുമാനം ഇവർ ഉണ്ടാക്കുന്നുണ്ട്.

ജില്ല - കോഴിക്കോട്
പഞ്ചായത്ത് - പയ്യോളി
പ്രസിഡന്റ് - എം.ടി. സുരേഷ് ബാബു
നമ്പർ - 0496-2602043,2600877

നിലീന